പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3817 15.12.2014 ലെ മറുപടി-
നൽകേണ്ടിയിരുന്നത്

## റാന്നി പോലീസ് സർക്കിൾ ഇൻസ്‌പെക്ടർ ഓഫീസിലെ ഉദ്യോഗസ്ഥരുടെ കുറവ്

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | മറുപടി<br><br>രമേശ് ചെന്നിത്തല<br><br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) റാന്നി പോലീസ് സർക്കിൾ ഇൻസ്‌പെക്ടർ ഓഫീസിൽ ക്രമസമാധാന പരിപാലനത്തിനുള്ള ഉദ്യോഗസ്ഥരുടെ കുറവ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇവിടെ എത്ര ഉദ്യോഗസ്ഥരുടെ തസ്തികയാണ് ആകെയുള്ളത്; ഇതിൽ എത്രപേർ നിലവിലുണ്ട്; | (എ) ഉണ്ട്. റാന്നി പോലീസ് സ്റ്റേഷനിലെ അനുവദിച്ച തസ്തികകളും നിലവിലെ അംഗബലവും താഴെപ്പറയുന്നു. |
| ബി) ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കാൻ താൽക്കാലിക വ്യവ-സ്ഥയിൽ റാന്നി സ്റ്റേഷനിൽ പോലീസുകാരെ നിയോഗിച്ചി-ട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെയാണെന്ന് പറയാമോ; | ബി) ഉണ്ട്. 8 സ്പെഷ്യൽ പോലീസ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. 4 എ.ആർ. സി.പി.ഒ മാരെ ഡ്യൂട്ടിക്കായി അറ്റാച്ച് ചെയ്തിട്ടുണ്ട്. |
| സി) ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | സി) നടപടി സ്വീകരിച്ചിട്ടുണ്ട്. |

| തസ്തിക | അനുവദിച്ചത് | നിലവിലുള്ളവർ |
|---|---|---|
| ഇൻസ്‌പെക്ടർ | 1 | 1 |
| സബ് ഇൻസ്‌പെക്ടർ | 3 | 2 |
| എ.എസ്.ഐ | 2 | 2 |
| എസ്.സി.പി.ഒ | 7 | 7 |
| സി.പി.ഒ | 28 | 22 |
| വനിതഎസ്.സി.പി.ഒ | 1 | 1 |
| വനിത സി.പി.ഒ | 7 | 3 |

| | |
|---|---|
| (ഡി) ശബരിമല സീസണിലും മറ്റും അനുഭവപ്പെടുന്ന ട്രാഫിക് കുരുക്കിനു പരിഹാരമായി റാന്നിയിൽ അനുവദിക്കാമെന്നു പറഞ്ഞിരുന്ന ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;<br>ഇ) ട്രാഫിക് ഡ്യൂട്ടിക്ക് അധികമായി പോലീസുകാരെ അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (ഡി) യും (ഇ) യും<br>റാന്നിയിൽ ഒരു ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം പരിശോധിച്ച് ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയോട് സംസ്ഥാന പോലീസ് മേധാവി ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാലുടൻ ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ